


## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിത്രമാവട്ടെ ചിന്തയാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575



# മനം കുളിർപ്പിക്കുന്ന ഗാനങ്ങളുമായി

# അമൽ മരിയ

ഈശ്വരൻ കനിഞ്ഞുനൽകിയ സംഗീതമാധുരിയാൽ കേൾവിക്കാരുടെ മനം കുളിപ്പിക്കുന്ന കൊച്ചുഗായികയാണ് അമൽ മരിയ സിബി. പറത്താനം ഇടവകപ്പള്ളിയിലെ ഗായകസംഘത്തിലാണ് ആദ്യമായി അമൽ മരിയയുടെ സംഗീതം ഉയർന്നുകേട്ടത്. ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾമുതൽ സംഗീതമത്സരങ്ങളിൽ പങ്കെടുത്തുതുടങ്ങി. പന്ത്രണ്ടാം ക്ലാസുവരെ സൺഡേസ്കൂളിലെ മത്സരങ്ങളിൽ പങ്കെടുത്തു സമ്മാനങ്ങൾ വാരിക്കൂട്ടി. മേഖലാ, രൂപതാതലമത്സരങ്ങളിൽ പല തവണ വിജയിയായി. കെ.സി.എസ്.എൽ. സംസ്ഥാനതലമത്സരത്തിലും സംഗീതത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. 2017 ജനുവരിയിൽ കണ്ണൂരിൽവച്ചു നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ലളിതസംഗീതത്തിൽ എ ഗ്രേഡ് നേടി.

വിവിധ ചാനൽ പരിപാടികളിൽ അമൽ മരിയ തന്റെ സാന്നിധ്യം അറിയിച്ചുകഴിഞ്ഞു. ശാലോം ടിവിയിൽ Tender Rhymes, Mission Hymns എന്നീ പരിപാടികളിലെ നിറസാന്നിധ്യമായിരുന്ന അമൽ മരിയ, ഗുഡ്നസ് ടിവിയിൽ 'വോയ്സ് ഓഫ് ഗുഡ്നസ്' എന്ന റിയാലിറ്റിഷോയിൽ സെമിഫൈനലിൽ എത്തി.

'അനുപമ സ്നേഹചൈതന്യമേ' 'മഞ്ഞുതിരും രാവിലന്ന്' തുടങ്ങിയ ആൽബങ്ങളിൽ തന്റെ വേറിട്ട ശബ്ദത്തിലൂടെ ഈ കൊച്ചുമിടുക്കി ശ്രോതാക്കളുടെ മനം കവർന്നു.

തീക്കോയിപ്പള്ളിയിലെ തിരുനാളിനോടനുബന്ധിച്ചു പുറത്തിറക്കിയ ആൽബത്തിൽ അമൽ മരിയ ഇടം നേടുകയുണ്ടായി. ശ്രേയക്കുട്ടിക്കുവേണ്ടി ട്രാക്കു പാടാനും അവസരം ലഭിച്ചിട്ടുണ്ട്.

കൊവിഡ് കാലത്ത് വിവിധ ഓൺലൈൻ സംഗീതമത്സരങ്ങളിൽ പങ്കെടുത്തു സമ്മാനങ്ങൾ കരസ്ഥമാക്കിയിരുന്നു. പാലാ കമ്മ്യൂണിക്കേഷൻസിന്റെ 'ജൂണിയർ സിങ്ങേഴ്സ്' ഗാനമേളട്രൂപ്പിൽ രണ്ടുവർഷം അംഗമായിരുന്ന അമൽ മരിയ ഇപ്പോൾ സീനിയേഴ്സിനൊപ്പം മുൻനിര ഗായികയാണ്.

മുണ്ടക്കയത്തിനടുത്ത് പറത്താനത്ത് പുതിയാപറമ്പിൽ സിബിയുടെയും സൈറയുടെയും രണ്ടു മക്കളിൽ ഇളയകുട്ടിയായ അമൽ മരിയ പാലാ അൽഫോൻസാ കോളജിൽ ബിഎ ഇക്കണോമിക്സ് രണ്ടാംവർഷ വിദ്യാർത്ഥിനിയാണ്. ഏക സഹോദരൻ അംലിറ്റ് ഹോട്ടൽ മാനേജ്മെന്റ് പഠനശേഷം എറണാകുളത്തു ജോലി ചെയ്യുന്നു.

# കൈയെഴുത്തിൽ വിജയക്കൊടി നാട്ടി ആൻമരിയ ബിജു



വേൾഡ് ഹാൻഡ് റൈറ്റിങ് കോംപറ്റീഷനിൽ ഒന്നാം സമ്മാനം നേടി താരമായത് കേരളത്തിലെ ഒരു കൊച്ചുമിടുക്കിയാണ്. കണ്ണൂർ ചെമ്പേരി നിർമല ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിനി ആൻമരിയയാണ് അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. കുട്ടിക്കാലം മുതലുള്ള നിരന്തരമായ പരിശ്രമത്തിലൂടെയാണ് മനോഹരമായ കൈയക്ഷരം ആൻമരിയ സ്വന്തമാക്കിയത്.

ന്യൂയോർക്ക് ആസ്ഥാനമായ ഹാൻഡ് റൈറ്റിങ് ഫോർ ഹ്യൂമാനിറ്റി സംഘടിപ്പിച്ച മത്സരത്തിലാണ് ആൻമരിയ ഈ നേട്ടം കരസ്ഥമാക്കിയത്. ആർട്ടിസ്റ്റിക് വിഭാഗത്തിലാണ് മത്സരിച്ചത്.

13 നും 19 നും ഇടയിൽ പ്രായമുള്ളവരുടെ വിഭാഗത്തിലാണ് ആൻമരിയ ഒന്നാം സ്ഥാനം നേടിയത്. ഓൺലൈനായാണ് ആൻമരിയ മത്സരത്തിലേക്ക് അപേക്ഷ നൽകിയതും മത്സരിച്ചതും. കേരള വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ വി. ശിവൻകുട്ടി ആൻമരിയയെ അഭിനന്ദനങ്ങൾ അറിയിച്ചു.

കണ്ണൂർ കുടിയാൻമല സ്വദേശിയായ ചന്ദ്രൻകുന്നേൽ ബിജു ജോസിന്റെയും സ്വപ്നയുടെയും മകളാണ് ആൻമരിയ. അലൻ, അമല എന്നിവർ സഹോദരങ്ങളാണ്.





വായന



# മാനസാന്തരത്തിന്റെ ക്രിസ്മസ് രാവുകൾ

വിദ്യ വിജയകുമാർ
MA Bhashasasthram
Malayalam Sarvakalasala
Tirur





ക്രിസ്മസ് രാവുകൾ മാനസാന്തരത്തിന്റെയും പ്രത്യാശയുടെയും നാളുകളാണ്. തിന്മ നിറഞ്ഞുനിൽക്കുന്ന ഈ ലോകത്തിൽ നന്മയുടെ വെളിച്ചം വിതറുന്ന പുണ്യദിനമാണ് ക്രിസ്മസ്. ഒരു ക്രിസ്മസ് രാത്രിയിൽ ജീവിതം മാറിമറിഞ്ഞുപോയ ഒരു വൃദ്ധന്റെ കഥയാണ് ചാൾസ് ഡിക്കൻസിന്റെ 'എ ക്രിസ്മസ് കാരൾ.' അറുപിശുക്കനും ദുരാഗ്രഹിയുമായ എബനേസർ സ്ക്രൂജ് ഒരു ക്രിസ്മസ് തലേന്ന്, മരിച്ചുപോയ സുഹൃത്തിന്റെ ആത്മാവിനെയും തന്റെ ഭൂത-വർത്തമാന-ഭാവികളിലെ ക്രിസ്മസ് ദൃശ്യങ്ങളും കണ്ട് മാനസാന്തരം നേടുന്നതാണ് കഥ.

എബനേസർ സ്ക്രൂജ് ഒരു സ്വകാര്യ പണമിടപാടു സ്ഥാപനം നടത്തുന്നയാളാണ്. ക്രിസ്മസ് ആഘോഷത്തിനു ക്ഷണിക്കാൻ ക്രിസ്മസ് തലേന്ന് അയാളുടെ സഹോദരിയുടെ മകൻ ഫ്രെഡ് എത്തുന്നു. അവന്റെകൂടെ പോയാൽ തന്റെ പണവും സമയവും പാഴാകുമെന്നു കരുതുന്ന സ്ക്രൂജ് അവന്റെ ക്ഷണം നിരസിക്കുന്നു. അവിടെ കുറച്ചുനേരം ചുറ്റിപ്പറ്റി നിന്നിട്ട് ഫ്രെഡ് സ്ഥലം വിടുന്നു. പിന്നീട് കുറച്ചു സാമൂഹികപ്രവർത്തകർ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള സംഭാവനയ്ക്കായി സ്ക്രൂജിന്റെ വീട്ടിലെത്തുന്നു. അവർക്കും ഒന്നും കൊടുക്കാൻ സ്ക്രൂജ് തയ്യാറാവുന്നില്ല. തന്റെ ജോലിക്കാരനായ ബോബ് ക്രാചിറ്റ് ക്രിസ്മസിന് അവധി ചോദിക്കുമ്പോൾ സ്ക്രൂജ് ആദ്യം അനുവദിക്കുമെങ്കിലും പുനരാലോചനയ്ക്കുശേഷം അവധി നിഷേധിക്കുകയും പിറ്റേദിവസം നേരത്തേതന്നെ എത്തണമെന്ന് ഉത്തരവിടുകയും ചെയ്യുന്നു.

അന്നു രാത്രി സ്ക്രൂജ് ഒരു രൂപം മുന്നിൽ വന്നു നിൽക്കുന്നതു കണ്ടു. ഏഴു വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയ സുഹൃത്ത് ജേക്കബ് മാർലിയാണ് താനെന്ന് ചങ്ങലയിൽ ബന്ധിതനായ ആ ദയനീയരൂപം സ്ക്രൂജിനെ അറിയിക്കുന്നു. താൻ ഈ സ്ഥിതിയിലാകാൻ കാരണം ആരെയും സഹായിക്കാതെ ധനസമ്പാദനത്തിൽ മാത്രം മുഴുകി ജീവിച്ചിരുന്നതിനാലാണെന്ന് പശ്ചാത്താപവിവശനായി മാർലി സ്ക്രൂജിനെ അറിയിക്കുന്നു. ഇത്തരം വിധിയിൽനിന്ന് സ്ക്രൂജിനെ രക്ഷിക്കുന്നതിനാണ് താൻ വന്നതെന്ന് മാർലി സ്ക്രൂജിനോടു പറഞ്ഞു. ഇന്നു രാത്രിതന്നെ മൂന്ന് ആത്മാക്കൾകൂടി സ്ക്രൂജിനെ സമീപിക്കുമെന്ന് അറിയിച്ചശേഷം മാർലിയുടെ ആത്മാവ് മറഞ്ഞു.

രാത്രി ഒരു മണിക്ക് വെള്ളവസ്ത്രം ധരിച്ച ഒരു ആത്മാവ് സ്ക്രൂജിന്റെ വീട്ടിലെത്തുന്നു. അത് അയാളെ ഭൂതകാല ക്രിസ്മസ് ഓർമകളിലേക്കു കൊണ്ടുപോകുന്നു. സഹോദരിയുടെ മകനായ ഫ്രെഡ് ക്രിസ്മസ് ആഘോഷിക്കാൻ ക്ഷണിച്ചിട്ടും പോകാതിരുന്നത് അയാൾ വിഷമത്തോടെ ഓർക്കുന്നു. താൻ സ്നേഹിച്ചിരുന്ന ബെൽ എന്ന പെൺകുട്ടിയെ പിന്നീട് ആത്മാവ് കാണിക്കുന്നു. ധനത്തിനോടുള്ള ആർത്തിയാൽ പാവപ്പെട്ടവളായ ബെല്ലിനെ സ്ക്രൂജ് ഉപേക്ഷിച്ചതായിരുന്നു.

പിന്നീട് സ്ക്രൂജ് കാണുന്നത് പച്ചവസ്ത്രധാരിയായ ഇപ്പോഴത്തെ ക്രിസ്മസിന്റെ ആത്മാവിനെയാണ്. അതിന്റെ ഒപ്പം സഞ്ചരിക്കുന്ന സ്ക്രൂജ് പരസ്പരം ക്രിസ്മസ് ആശംസിക്കുന്ന മനുഷ്യരെ കാണുന്നു. ക്രാചിറ്റിന്റെ വീട്ടിലെത്തുന്ന സ്ക്രൂജ് കാണുന്നത് മോശമായ സാമ്പത്തികസ്ഥിതിയിലും സന്തോഷത്തോടെ ക്രിസ്മസ് ആഘോഷിക്കുന്ന ആ കുടുംബത്തെയാണ്. പിന്നീട്, ഫ്രെഡിന്റെ വീട്ടിലെ ക്രിസ്മസ് ആഘോഷത്തിലേക്ക് സ്ക്രൂജിനെ ആത്മാവ് കൊണ്ടുപോകുന്നു. വഴിയിൽ കാണുന്ന സങ്കടങ്ങളിലേക്ക് സ്ക്രൂജിന്റെ മനസ്സു തിരിയുന്നു. അയാൾക്കു കുറ്റബോധം തോന്നുന്നു.

ഇനി വരുന്നത് ഭാവിയിലെ ക്രിസ്മസിന്റെ ആത്മാവാണ്. കറുത്ത വസ്ത്രം ധരിച്ച ആ ആത്മാവിന്റെ കൂടെ സ്ക്രൂജ് യാത്ര ചെയ്യാൻ തുടങ്ങി. മരിച്ചുപോയ ധനികനായ ഒരു വ്യാപാരിയെക്കുറിച്ച് ഏതാനും പേർ ചർച്ച ചെയ്യുന്നത് സ്ക്രൂജ് കാണുന്നു. ആരും ഈ മരണത്തിൽ ദുഃഖിക്കുന്നില്ല. പരേതന്റെ വീട്ടിൽനിന്ന് ആളുകൾ സാധനങ്ങൾ എടുത്തുകൊണ്ടു പോകുന്നു. ഈ മരണംമൂലം സമാധാനിക്കുന്ന, പരേതന് കടം തിരികെ നൽകാനുള്ള ദമ്പതികളെയും അയാൾ കാണുന്നുണ്ട്. സ്ക്രൂജ് ഒരു കാഴ്ചകൂടി കാണുന്നു, മരിച്ചുപോയ വ്യാപാരിയുടെ കല്ലറ. കല്ലറയിലെ പേര് സ്വന്തം പേരുതന്നെയാണെന്നു കാണുന്ന സ്ക്രൂജ് പൂർണമായ മാനസാന്തരത്തിലേക്കു തിരിയുന്നു. മുമ്പ് താൻ ആട്ടിയോടിച്ചവരുടെയെല്ലാം അടുത്തെത്തി അയാൾ ക്ഷമാപണം നടത്തുന്നു. തികച്ചും പുതിയൊരു മനുഷ്യനായാണ് സ്ക്രൂജ് മാറുന്നത്. വരാനിരിക്കുന്ന ക്രിസ്മസിന്റെ ആത്മാവ് കാണിച്ച കാഴ്ചകളും മാർലിയുടെ സമാനമായ വിധിയും അയാൾ അങ്ങനെ ഒഴിവാക്കുന്നു.

1843 ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ നോവൽ പല ലോകഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അനേകം സിനിമകളും നാടകങ്ങളും ഈ കൃതിയെ ആസ്പദമാക്കി പുറത്തിറങ്ങിയിട്ടുണ്ട്.

# നക്ഷത്രക്കുഞ്ഞ്

കവിത





എം.എൽ. അഹല്യ രഞ്ജിത്
+2, Revoor Padmanabha
School, Chennai

തെന്നിത്തെറിച്ചൊരാ ആകാശവീഥിയിൽ
മിന്നുമഴകായി നിൽക്കയാണോ?
കൗതുകമോടെ ഞാൻ ഓടിയണയുന്നു
ഓരോരോ രാവിലും നിന്നെക്കാണാൻ.
പാറിപ്പറക്കുന്ന മിന്നാമിനുങ്ങിനെ
ഓടിപ്പിടിച്ചെന്റെ കൈക്കലാക്കി,
എന്നിട്ടു ചോദിച്ചേൻ അമ്മയോടായി ഞാൻ,
ആകാശത്തങ്ങങ്ങു മിന്നിത്തിളങ്ങുന്ന
താരകം താഴേക്കു വീണതാണോ?
പുഞ്ചിരിയോടെയെൻ കുഞ്ഞുമുഖത്തേക്ക്
കൗതുകത്തോടെയെൻ അമ്മ നോക്കി.
രാവിന്നു സൗന്ദര്യമേകുവാനായിട്ടു
സർവ്വേശ്വരൻ നൽകും കാഴ്ചയിത്.
അമ്മയന്നോതിയ വാക്കുകൾ കേട്ടു ഞാൻ
സംതൃപ്തിയോടെ ശയിച്ചു രാവിൽ.



# മെഡിക്കൽ പഠനത്തിനിടെ ജപമാലകളൊരുക്കി ഷെറിൻ

വിദേശത്തു മെഡിക്കൽപഠനത്തിനിടെ ജപമാലകൾ നിർമിച്ചു ശ്രദ്ധ നേടി മലയാളി വിദ്യാർത്ഥിനി. യൂറോപ്യൻരാജ്യമായ ജോർജിയയിൽ മൂന്നാംവർഷ MBBS പഠനം നടത്തുന്ന ആലുവ സ്വദേശിനി ഷെറിൻ ജോളിയാണ്, മുത്തുകൾ കോർത്തു കൊന്തകൾ നിർമിച്ചു മരിയഭക്തിയുടെ പ്രചാരികയാകുന്നത്. ജോർജിയയിൽ ലഭ്യമായ മുത്തുകളും അലങ്കാരവസ്തുക്കളും ഉപയോഗിച്ചാണു മനോഹരമായ ജപമാലകൾ നിർമിക്കുന്നത്. അവിടുത്തെ സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ ഭാരവാഹികൂടിയായ ഷെറിൻ, താൻ നിർമിക്കുന്ന ജപമാലകൾ സുഹൃത്തുക്കളും സഹപാഠികളുംവഴി ജനങ്ങളിലേക്കെത്തിക്കുന്നുണ്ട്. ജീവിതത്തിൽ പരിശുദ്ധ മാതാവിന്റെ മാധ്യസ്ഥ്യം അനുഭവിക്കാനായതിന്റെ സന്തോഷത്തിലാണു ജപമാലകൾ ഒരുക്കുന്നതെന്ന് ഷെറിൻ പറയുന്നു.

ആലുവ സ്വദേശിയും സിനിമാതാരവുമായ ജോളി മൂത്തേടന്റെയും നഗരസഭ കൗൺസിലർ സൈജി ജോളിയുടെയും മകളാണ് ഷെറിൻ. ഇരട്ടസഹോദരി ഷാലിൻ ജോളി ന്യൂയോർക്കിൽ ബിസിനസ് മാനേജ്മെന്റ് വിദ്യാർത്ഥിനിയാണ്.

# അഗ്നിച്ചിറകുകൾ

കഥ




**ശ്രീജിത്ത് എസ്.**
MA English
Narayanavilasam College
Kollam


**അ**വൻ ഒന്നാം നിലയിലുള്ള ക്ലാസ്സ്മുറിയുടെ വരാന്തയിൽ താഴേക്കു നോക്കിനിൽക്കുകയാണ്. മരുഭൂമിയിലൂടെ തുള്ളിച്ചാടിപ്പോകുന്ന കോലാടുകളെപ്പോലെ തോളിൽ ബാഗും തൂക്കി കുട്ടികൾ ക്ലാസുകളിലേക്കു നീങ്ങുന്നു. അവ്യക്തമായ ചിന്തകളുടെ ഭാരമായിരുന്നു അവനിലപ്പോൾ. ചിന്തകൾക്കിടയിലേക്ക് അനുവാദം ചോദിക്കാതെ മണിമുഴക്കം കടന്നുവന്നു.

അവൻ ക്ലാസ്സിലേക്കു കയറി രണ്ടാം നിരയിലെ ബഞ്ചിന്റെ അറ്റത്തായി ഇരുന്നു. കുട്ടികളുടെ കലപില അവന്റെ ചെവികളിലേക്ക് ഓടിക്കയറിക്കൊണ്ടിരുന്നു. പെട്ടെന്ന് കലപിലയെല്ലാം എങ്ങോട്ടോ പറന്നുപോയി. വലിയ ഷർട്ടും ഉപ്പൂറ്റിവരെ നിൽക്കുന്ന പാന്റും ധരിച്ച, കഷണ്ടിത്തലയുള്ള ഒരു മനുഷ്യൻ ക്ലാസ്സിലേക്കു കയറിവന്നു. കീഴ്‌വഴക്കം തെറ്റിക്കാതെ കുട്ടികൾ ഒന്നുചേർന്ന് ഗുഡ് മോർണിങ് സർ എന്നു പറഞ്ഞു. ബഹുമാനമില്ലാത്ത ബഹുമാനം കാണിച്ചു. അക്കൂട്ടത്തിൽ അവൻ വ്യത്യസ്തനാകാൻ ശ്രമിച്ചില്ല. അധ്യാപകൻ ജോലികൾ ചെയ്തുതീർക്കാനുള്ള തിടുക്കത്തിൽ ഹാജർ ബുക്ക് എടുത്ത് പേരുകൾ ഉറക്കെ വിളിച്ചു. പിന്നെ പുതുതായി വന്ന അവനെ എഴുന്നേല്പിച്ചു. പേരും സ്ഥലവും പഠിച്ച സ്കൂളും ചോദിക്കാൻ അധ്യാപകൻ മറന്നില്ല. എന്നിട്ട് ഒട്ടുംതന്നെ ആത്മാർത്ഥത പുരളാത്ത ഒരു ചോദ്യം അവനോടു ചോദിച്ചു: ''നിനക്ക് ആരാവാനാണ് ആഗ്രഹം?'' ആ ചോദ്യത്തോടൊപ്പം കുട്ടികളുടെയെല്ലാം നോട്ടവും അവനിലേക്കെത്തി.

അത്രയും നേരം ഇല്ലാതിരുന്ന ഒരുത്സാഹത്തോടെ അവൻ പറഞ്ഞു: ''എനിക്ക് ലാലേട്ടനെപ്പോലെ ഒരു വലിയ സിനിമാനടനാവണം.'' വലിയ ഒരു കൂട്ടച്ചിരിയായിരുന്നു അവിടെ മുഴങ്ങിയത്. ആ ചിരികൾക്കിടയിലൂടെ അധ്യാപകന്റെ പരിഹാസം തള്ളിക്കയറി അവന്റെ ചെവിയിലേക്കു വന്നു: ''കറുത്തുണങ്ങി ആട്ടിൻകുട്ടിപോലെ ഇരിക്കുന്നവന്റെ ആഗ്രഹം കണ്ടേ.'' തന്റെ സ്വപ്നം ഒരു വലിയ തമാശയായിരുന്നു എന്ന വലിയ തിരിച്ചറിവിൽനിന്നുണ്ടായ സങ്കടത്തെ മറച്ചുകൊണ്ട് അവൻ ഒരു ചിരി മറുപടിയായി നൽകിയിട്ട് ഇരുന്നു.

അധ്യാപകൻ തന്റെ ബുക്ക് എടുത്തിട്ട് ഉറക്കെ വായിക്കാൻ തുടങ്ങി: ''അഗ്നിച്ചിറകുകൾ.''



# എന്തിന് ഇത്തരം മത്സരങ്ങൾ?






**ആൻ മരിയ തോമസ്**
Class : XII
St. Mary's HSS, Pala


**'ദി** ബെസ്റ്റ്' എന്ന ടൈറ്റിൽ ജീവിതത്തിൽ നേടിയെടുക്കണമെന്ന് ആഗ്രഹിച്ചിട്ടുള്ളവരാണല്ലോ ഞാനും നിങ്ങളുമെല്ലാം. ക്ലാസ് ടോപ്പർ, സ്കൂൾ ടോപ്പർ പോലുള്ള പൊതുവായ ആഗ്രഹങ്ങൾ എനിക്കും ഉണ്ടായിരുന്നു. കൂട്ടുകാർക്കിടയിലോ വീട്ടിലോ ഞാൻ ഒരു നല്ല കുട്ടിയാണെന്നുള്ള ലേബൽ കിട്ടാനാണെങ്കിലും റ്റീച്ചേഴ്സിന്റെ ഗുഡ്‌ലിസ്റ്റിൽ കയറാനാണെങ്കിലും ഒരു മത്സരം ആവശ്യമായിരുന്നുവെന്ന് ഞാനിന്ന് ഓർക്കുന്നു. അത്തരം മത്സരങ്ങളിൽ പൊരുതി ജയിച്ചെങ്കിൽ മാത്രമേ അംഗീകാരങ്ങൾ ലഭിച്ചിരുന്നുള്ളൂ.

മത്സരങ്ങൾ ഒരു പുതിയ കാര്യമല്ലല്ലോ. എല്ലായിടത്തും മത്സരങ്ങൾ നടക്കുന്നില്ലേ? റോഡിലൂടെ ഓടുന്ന വാഹനങ്ങളിൽ മുതൽ ആകാശത്തുനിന്നു പെയ്യുന്ന മഴത്തുള്ളികളിൽവരെപ്പോലും ആദ്യം ആര് എന്ന മത്സരം നടക്കുന്നുണ്ട്. അതേ, മത്സരങ്ങൾ ആഗോളപ്രതിഭാസമാണ്.

ഒരിക്കൽ, നായകളെ ഇഷ്ടപ്പെടുന്നവരും ചീറ്റകളെ ഇഷ്ടപ്പെടുന്നവരും തമ്മിൽ ഒരു മത്സരമുണ്ടായി. ആരാണ് ഏറ്റവും മികച്ചത് എന്നായിരുന്നു അവരുടെ തർക്കം. ആ നാട്ടിൽ ഓട്ടമത്സരത്തിൽ ജയിക്കുന്നതിനെയായിരുന്നു മികച്ച വിജയമായി കണ്ടിരുന്നത്. അങ്ങനെ, ഇരുമൃഗങ്ങളെയുംവച്ച് ഒരു പന്തയം നടത്താൻ അവിടെ കൂടിയിരുന്നവർ തീരുമാനിച്ചു. പന്തയത്തിനുള്ള ഒരുക്കങ്ങൾ നടന്നു. പുലി വലുതാകയാൽ നാലു നായ്ക്കളോട് ഒറ്റയ്ക്കു മത്സരിക്കണമെന്ന ആവശ്യമുയർന്നു. എതിർവശക്കാർ അതിനു സമ്മതമറിയിച്ചു. ലക്ഷണമൊത്ത മിടുക്കന്മാരായ നാലു വലിയ നായ്ക്കൾ മത്സരത്തിനായി അണിനിരന്നു. എന്നാൽ, പുലി നിന്നിടത്തുനിന്ന് അനങ്ങാൻപോലും കൂട്ടാക്കിയില്ല. അക്ഷമരായ ജനം പന്തയം നടത്തിപ്പുകാരനോടു കാര്യമന്വേഷിച്ചു. അദ്ദേഹം ചീറ്റപ്പുലിയെ നോക്കി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: ''ചിലപ്പോഴെക്കെ മത്സരങ്ങൾ അനാവശ്യമാണ്. ഏറ്റവും നല്ലത് ഏതെന്നു തെളിയിക്കാനുള്ള ശ്രമങ്ങൾ അപമാനകരമായേക്കും.''

പരുന്തിന്റെ പുറത്തിരുന്ന് അതിന്റെ കഴുത്തുനോക്കി കൊത്തുന്ന ഒരേയൊരു പക്ഷി കാക്കയാണ്. എന്നാൽ, പരുന്തുകൾ അവയോടു വഴക്കിട്ട് തങ്ങളുടെ ആരോഗ്യവും സമയവും നഷ്ടപ്പെടുത്താറില്ല. അവ തങ്ങളുടെ വലിയ ചിറകുകൾ വിരിച്ച് കുറെക്കൂടി ഉയരത്തിൽ പറക്കും. ഉയരം കൂടുമ്പോഴുണ്ടാകുന്ന വായുതടസ്സംമൂലം കാക്കകൾ താനേ താഴേക്കു വീഴുന്നു.

നായ്ക്കളോടു മത്സരിക്കാൻ നില്ക്കാത്ത പുലിയും കാക്കകളോടു മത്സരിക്കാത്ത പരുന്തും ഓരേ കാര്യമാണ് നമ്മോടു പറയുന്നത് – ചില മത്സരങ്ങളെ ഒഴിവാക്കുന്നതിലൂടെ നമ്മുടെ വ്യക്തിത്വം രൂപപ്പെടുന്നു. ഒപ്പത്തിനൊപ്പം പറക്കാൻ കഴിയാത്ത കാക്കകൾ ആകാശമാകുന്ന നമ്മുടെ ജീവിതത്തിൽനിന്ന് താനേ അകലുന്നു, മറയുന്നു. അവയോട് എന്തിനു നാം മത്സരിക്കണം?

# അനാഥപ്പിറവി

കവിത



ചിത്രവർണച്ചിറകിനുള്ളിൽ
ചിത്രമെത്ര വരണ്ടുപോയ്
ചാക്കുകൊണ്ടു പൊതിഞ്ഞ കുഞ്ഞിനെ-
യേറ്റുവാങ്ങിയ നൊമ്പരം
എന്തിനിന്നീ പിറവി തെരുവിന-
നാഥഗീതമുണർത്തിയോ?
അരുമയായ കിടാങ്ങൾ തങ്ങടെ
തെരുവുമതാ മടിയിലോ
ചിതലരിച്ച നിറങ്ങൾപോലെ
ചിതറിവീണു മൊട്ടുകൾ
നാളെയെന്ന പ്രതീക്ഷമാത്രം
ബാക്കിയാക്കിയ രാവുകൾ
കാലമാകും നദിയിലൂടെ
കളങ്കമങ്ങ് ഒലിച്ചുപോം.
ചിറകു പൂട്ടാൻ വേണ്ട നമ്മൾ-
ക്കിനിയുമേറെ രാത്രികൾ.




**നയന ഡി.**
+2 - Naduvannur HSS
Vakayad, Kozhikodu


# എന്റെ വര






**തോമസ് സാവൻ ജോൺസ്**
Std. VII
Don Bosco Central School
Puthuppally





**നോർബർട്ട് റ്റിബി**
Std. VI
St. Joseph's UPS
Vellilappilly




# വില്ലന്മാർ വാഴ്ത്തപ്പെടുമ്പോൾ



അനഘ എസ്.കല്യാണി
MA Development Studies
MG University

“കർണ്ണൻ, നെപ്പോളിയൻ, ഭഗത്സിങ്, ഇവർ മൂന്നു പേരുമാണെന്റെ ഹീറോസ്. You see the irony, don't you? മൂന്നുപേരും തോറ്റുപോയവരാണ്. അതുകൊണ്ടു പൊരുതിത്തോറ്റാൽ അങ്ങു പോട്ടെന്നുവയ്ക്കും ഞാൻ.”

'7th Day' എന്ന സിനിമയിൽ പൃഥ്വിരാജിന്റെ ഈ ഒരൊറ്റ ഡയലോഗുകൊണ്ട് മേൽപ്പറഞ്ഞ മൂന്നു പേർക്കും ഇതുവരെ ഇല്ലാതിരുന്ന, വളരെ വലിയ അളവിലുള്ള ആരാധകവൃന്ദമാണ് പൊട്ടിമുളച്ചത്. ചരിത്രത്തിൽനിന്നോ യഥാർത്ഥ സംഭവങ്ങളിൽനിന്നോ പുസ്തകങ്ങളിൽനിന്നോ അല്ല; മറിച്ച്, സിനിമകളിലൂടെയാണ് പലപ്പോഴും, പ്രത്യേകിച്ച്, ഇക്കാലഘട്ടത്തിൽ 'വീരപുരുഷന്മാരും, നായകന്മാരും' തുടർന്ന് 'നായകആരാധനയും' ഉണ്ടാകുന്നത്. എന്നാൽ, നായകാരാധനയ്ക്കപ്പുറം മറ്റൊരു ആരാധനകൂടി ഉടലെടുത്തിരുന്നു, അടുത്ത കാലത്ത് അത് ശക്തി പ്രാപിക്കുകയുമുണ്ടായി. അതായിരുന്നു 'വില്ലൻ ആരാധന.'

ലോകത്തെല്ലായിടത്തും ഒരുപോലെ കാണാൻ സാധിക്കുന്ന പ്രതിഭാസമാണോ ഇത്തരം ആരാധന എന്നു നിശ്ചയമില്ല, എന്നിരുന്നാലും മലയാളസിനിമാസ്വാദകർക്ക് ഇത് അത്ര പുതുമയുള്ള വിഷയമല്ല. നമ്മൾ നെഞ്ചിലേറ്റി ആരാധിച്ചുപോന്ന ഒരുപറ്റം വില്ലൻമാർ ഉണ്ടായിട്ടുണ്ട്. കൂടാതെ, “Cinematic liberty', ചതിയൻ ചന്തുവിനു വീരപുരുഷപരിവേഷം നൽകിയതുപോലുള്ളവ വേറേയും. യാഥാർത്ഥ്യമെന്തെന്നാൽ, വില്ലന്മാരെ നമ്മൾ ആരാധിക്കുന്നതിനപ്പുറം ആസ്വദിക്കാറുണ്ട്, നായകന്മാർക്കും മുകളിൽ. എന്തുകൊണ്ടായിരിക്കാം നന്മമരങ്ങളായ നായകന്മാരെക്കാൾ വില്ലന്മാർ ആഘോഷിക്കപ്പെടുന്നത്?

ആകർഷിക്കുന്നതും അനുകരിക്കാൻ തോന്നിപ്പിക്കുന്നതുമായ വേഷവിധാനങ്ങൾമുതൽ സ്ക്രീനിൽ തെളിയുന്ന ഓരോ സമയത്തും രോമാഞ്ചമുണർത്തുന്ന BGM മുകൾക്കുവരെ അതിൽ പങ്കുണ്ട്. ആർഭാടജീവിതം, എന്തിനും മേലേയുള്ള കരുത്ത്, ബുദ്ധി, തന്ത്രങ്ങൾ ഒക്കെയും ഘടകങ്ങളാണ്. കൂട്ടത്തിൽ, Every villain is a hero in his own storyഎന്ന സിദ്ധാന്തവും. നമ്മുടെ യുവാക്കൾ പാലഭിഷേകം നടത്തി സേവിക്കുന്ന അഭിനേതാക്കളാണ് ഇത്തരം വില്ലൻവേഷം കൈകാര്യം ചെയ്യുന്നതെങ്കിൽ, അതിൽ സ്ത്രീവിരുദ്ധത ഉണ്ടെങ്കിലോ മുന്നോട്ടുവയ്ക്കുന്നത് തികച്ചും നെഗറ്റീവ് ആശയം ആണെങ്കിലോപോലും അതൊക്കെ ഈ കൂട്ടർക്കും 'മാസ്' ആണ്. എന്നാൽ, സാങ്കല്പികവില്ലൻമാരോടുള്ള അതേ സമീപനം യഥാർത്ഥ വില്ലൻമാരോടുണ്ടായാൽ?

1984 ൽ കേരളക്കരയെ നടുക്കിയ കൊലപാതകത്തിലെ പ്രധാന പ്രതിയും പിടികിട്ടാപ്പുള്ളിയുമായ സുകുമാരക്കുറുപ്പിന്റെ കഥ സിനിമയാകുന്നു എന്നറിഞ്ഞതുമുതൽ എല്ലാവരും ആകാംക്ഷയിലാണ്. കാരണം, മലയാളിക്ക് അത്രത്തോളം മനഃപാഠമായ പേരും സംഭവവുമാണ് സിനിമയിൽ കാണുന്നത്. സിനിമയുടെ പോസ്റ്ററുകളും ട്രെയ്ലറും പുറത്തിറങ്ങിയപ്പോൾത്തന്നെ നാടെങ്ങും ചൂടൻ ചർച്ചകൾ തുടങ്ങിയിരുന്നു. കേരളമൊട്ടുക്ക് കുറുപ്പ് ആരാധകരും ഉണ്ടായിക്കഴിഞ്ഞു. 'Kurup wanted since 1984' എന്നു പതിച്ച ടി ഷർട്ടുകൾ സിനിമയുടെ പ്രൊമോഷന്റെ ഭാഗമായി ഇറങ്ങിയതോടെ ആരാധകരുടെ ആവേശം വർദ്ധിച്ചു. പിന്നാലെ പുതിയ വെള്ളപൂശൽക്കഥകൾ, കുറുപ്പിന്റെ ചിത്രത്തിൽ ഗംഭീരപാട്ടുകൾ കുത്തിനിറച്ച സ്റ്റാറ്റസുകൾ. സിനിമ ഇറങ്ങി, കുറുപ്പ് നായകനാകുമോ വില്ലനാകുമോ എന്ന തർക്കത്തിനു വിരാമായി. സിനിമയിൽ നല്ല ഒന്നാംതരം വില്ലൻ ആണെങ്കിലും ഒരുപറ്റം ആരാധകർക്കു പുള്ളി 'മാസ്' തന്നെ. സുകുമാരക്കുറുപ്പിനോടല്ല, ദുൽഖറിനോടാണ് ആരാധന എന്നു പറയുമ്പോഴും അതിലെ യുക്തി എത്രത്തോളമുണ്ട് എന്നു മനസ്സിലാകാവുന്നതേയുള്ളൂ.

സാങ്കല്പികകഥാപാത്രത്തിൽനിന്നും വിദൂരചരിത്രത്തിൽനിന്നുമെല്ലാം യാഥാർത്ഥ്യത്തിലേക്കു മാറുമ്പോൾ അതിനെ തിരിക്കുന്ന മതിലുകൾ തകർക്കുന്നതിലൂടെ മനുഷ്യന്റെ സദാചാരമൂല്യങ്ങളും വിവേകവുംകൂടിയാണ് തകരുന്നത്.

# ഉണ്ണീശോപ്പുല്ല്

കഥ



ആൽബിൻ ജിജോ
B Sc Maths,
St. Thomas College, Pala

നിലാവിന്റെ സങ്കീർത്തനം സിരകളിൽ ഒഴികിയിറങ്ങുന്ന തണുത്ത നിശയുടെ തലോടലിൽ രസം പിടിച്ചു കിടക്കുമ്പോൾ ഉള്ളിൽ ആനന്ദവും ആകാംക്ഷയും ഇഴചേർന്ന് ഒരായിരം നക്ഷത്രങ്ങളെ തിളക്കമുള്ളതാക്കിക്കൊണ്ടിരുന്നു. ഡിസംബറിന്റെ മഞ്ഞുള്ള പൂക്കളിൽ ഒന്നിറുത്ത് ആ കൈവെള്ളയിലേക്കു നല്കണം.

വിറങ്ങലിച്ച ഒരു ക്രിസ്മസിന്റെ നീറ്റലിൽനിന്നു കരകയറാൻ ഒരു കൈത്താങ്ങായിരുന്നു ആ ചേട്ടൻ. പിന്നീട് പ്രണയത്തിന്റെ ദീപാലങ്കാരങ്ങളിൽ എല്ലാം മറന്ന ആഘോഷദിനങ്ങളായി മാറി. നാളെ... എല്ലാം തുറന്നു പറയും. എന്റെ വനികയിലെ പൂമ്പാറ്റയാകാൻ ക്ഷണിക്കും.

കോടമഞ്ഞിന്റെ കൊടുംകുളിരിൽ രാവിലത്തെ കുർബാന കഴിഞ്ഞ് ഞാൻ, എന്റെ മിടിക്കുന്ന ഹൃദയത്തിന്റെ ആഗ്രഹം വെളിപ്പെടുത്തി. പക്ഷേ...

ഞാൻ വീട്ടിലേക്കോടി ആകാശം കനച്ചുവരുന്നതുപോലെ. ഉറഞ്ഞുപോയ ഒരു കെട്ട് മഞ്ഞുമായി ഞാൻ കിടക്കയിലമർന്നു.

കഴിഞ്ഞ ക്രിസ്മസ്. പുൽക്കൂടൊരുക്കാൻ എന്നെക്കാൾ തിടുക്കം ചേച്ചിക്കായിരുന്നു. അപ്പച്ചൻ വാങ്ങിത്തന്ന പുൽക്കൂട് വേണ്ടെന്നും സ്വയം പുൽക്കൂട് ഉണ്ടാക്കണമെന്നും വലിയ വാശി. മഞ്ഞിന്റെ മാറാപ്പിലമർന്നു കിടന്ന കരടിമലയിൽ ഞങ്ങൾ ഉണ്ണീശോപ്പുല്ലു തേടിയിറങ്ങി. ചേച്ചിയുടെ മുഖം പൂർണചന്ദ്രനെപ്പോലെ ശോഭിച്ചിരുന്നു. കാടുപിടിച്ചുകിടക്കുന്ന കരടിമലയിലൂടെ സഞ്ചരിക്കാൻ എനിക്കു പേടിയായിരുന്നു. ചേച്ചി സ്വന്തം വീട്ടിൽക്കൂടി നടക്കുന്ന ലാഘവത്തോടെ കാട്ടിൽക്കൂടി നടന്നു. കൂട നിറച്ച് ഉണ്ണീശോപ്പുല്ലു പറിച്ച് തിരിച്ചുപോരാനൊരുങ്ങിയപ്പോഴാണ് ഒരു പാറയുടെ മുകളിൽ കയറിനിന്ന് ആർത്തിയോടെ പുല്ലു വായിലിട്ടു ചവയ്ക്കുന്ന ചേച്ചിയെ കണ്ടത്. ഒരു നിമിഷം ഞാൻ സ്തംഭിച്ചുപോയി.

ഞാൻ ചോദിച്ചതൊന്നും കേൾക്കാതെ ഉറക്കെ പൊട്ടിച്ചിരിച്ചുകൊണ്ട് ചേച്ചി കാടിനുള്ളിലേക്ക് ഓടി മരങ്ങൾക്കിടയിൽ മറഞ്ഞു. കുറെനേരം ചേച്ചിയെ തിരഞ്ഞ് നിലവിളിച്ചുകൊണ്ടു നടന്നിട്ട് ഞാൻ തിരികെ വീട്ടിലേക്കു മടങ്ങി. പോലീസും ഫയർഫോഴ്സുമെല്ലാം തിരഞ്ഞിട്ടും ചേച്ചിയെ കണ്ടില്ല. ഞാൻ പറഞ്ഞതൊന്നും വിശ്വസിക്കാൻ ആരും കൂട്ടാക്കിയില്ല. ഡിസംബറിനോട് എനിക്ക് അമർഷം തോന്നി, എന്റെ നക്ഷത്രങ്ങൾ ഇരുണ്ടുപോയിരുന്നു.

ഓർമകളുടെ കയ്പ്പുരുചിച്ചുകൊണ്ട് ഞാൻ പള്ളിയിലേക്കു നടന്നു. പള്ളിയുടെ മുന്നിൽ സ്ഥാപിച്ചിരിക്കുന്ന നക്ഷത്രത്തിൽ ചേച്ചിയുടെ മുഖം വരച്ചുവച്ചിരിക്കുന്നതുപോലെ. സെമിത്തേരിയുടെ തെക്കുഭാഗത്തുള്ള കല്ലറയിലെ സ്ലാബിൽ കൊത്തിവച്ചിരുന്ന അക്ഷരങ്ങൾ എന്റെ കണ്ണുനിറച്ചു.

റൂത്ത് മറിയം ജോർജ്.

2-11-1996 - 24-12-2018

പോലീസ് തന്ന ശരീരം ചേച്ചിയുടേതാണെന്ന് ഞാൻ ഇനിയും വിശ്വസിച്ചിട്ടില്ല. ഞാൻ പൊട്ടിക്കരഞ്ഞു. കരടിമലയിലേക്ക് സാവധാനത്തിൽ നടന്നു. ഒരു ബാലൻ എതിരേ നടന്നുവരുന്നു.

“ചേച്ചി അവിടെയിരിപ്പുണ്ട്.”

“ങേ?”

ഞാൻ തിടുക്കത്തിൽ കയറിച്ചെന്നു.

“ചേച്ചീ...”

ഞങ്ങൾ കുറച്ചുനേരം അങ്ങനെ കെട്ടിപ്പിടിച്ചുനിന്നു.

“ചേച്ചീ”

“ഞാനിവിടുണ്ടല്ലോടീ പെണ്ണേ...”

എന്റെ തലച്ചോറിൽ തലേന്നത്തെ സ്വപ്നത്തിന്റെ ഓർമകൾ അലയടിച്ചു. നീന്തലറിയാതെ കടലിൽപ്പെട്ട എന്നെ തോണിയുമായി വന്നു കരയ്ക്കു കയറിയ റിച്ചാർഡ് ചേട്ടൻ. ഞാൻ അറിയാതെ പ്രണയിച്ചുപോയി. എനിക്ക് കുറ്റബോധം തോന്നി.

“മോളേ, എനിക്ക് നിന്നോട് ഒരു സഹോദരിയോടുള്ള സ്നേഹമാണ്. ഇനിയും അതുമതി. ഞാൻ പ്രണയിച്ച ഒരേയൊരാൾ റൂത്താണ്. നിന്റെ ചേച്ചി. അവളെന്റെ ജീവനായിരുന്നു. അവളല്ലാതെ മറ്റൊരാൾ ഇനിയെന്റെ ജീവിതത്തിലില്ല. അവൾ എവിടെയും പോയിട്ടില്ല. എന്റെകൂടെയുണ്ട്.”

കണ്ണീരിൽക്കുതിർന്ന ആ വാക്കുകൾ എന്നെ ചുട്ടുപൊള്ളിച്ചു. ഞാനെത്ര മണ്ടിയാണ്. ഇപ്പോളിതാ വീണ്ടും ചേച്ചി എന്റെ മുമ്പിൽ. എനിക്കു വിശ്വസിക്കാനാവുന്നില്ല. സന്തോഷവും സങ്കടവുംകൊണ്ട് വിറച്ചുവിറച്ചു ഞാൻ ചോദിച്ചു: “റിച്ചാർഡ് ചേട്ടൻ?”

“ഹഹഹ... ഞാൻ അവനെ അന്വേഷിച്ചെന്നു പറയണം. അവനെന്നെ ഒത്തിരി ഇഷ്ടമായിരുന്നു.”

അതു പറയുമ്പോൾ ചേച്ചിയുടെ കവിളുകൾ ചുവന്നു. എനിക്ക് ജാള്യം തോന്നി.

ഞങ്ങൾ കുറച്ചുനേരം സംസാരിച്ചിരുന്നു. എന്റെ സങ്കടമെല്ലാം ഉരുകിയൊലിച്ചുപോയി.

കുറെനേരം കഴിഞ്ഞ് കൂടനിറയെ ഉണ്ണീശോപ്പുല്ലുമായി ഞാൻ കുന്നിറങ്ങി. വഴിയിൽവച്ചു കരോൾ സംഘത്തെ കണ്ടു. ഉണ്ണീശോപ്പുല്ലുമായി ഒരു വീട്ടിൽ കയറി. കടയിൽനിന്നു വാങ്ങിവച്ചിരിക്കുന്ന പുൽക്കൂട്ടിൽ ദീപാലങ്കാരങ്ങൾ നിരത്തിവെക്കുന്ന കുട്ടികൾ. അവരോടു സ്വന്തമായി ഒരു പുൽക്കൂടൊരുക്കാൻ പറഞ്ഞിട്ടു സഞ്ചിയിൽനിന്ന് ഉണ്ണീശോപ്പുല്ല് എടുത്തുകൊടുത്തു.

വീണ്ടും ഡിസംബറിന്റെ മഞ്ഞുള്ള നിലാവിലേക്കിറങ്ങി നടന്നു. പാതിരാക്കുർബാന കഴിഞ്ഞുള്ള സ്കിറ്റിനു വേണ്ടി പോകുന്ന മാതാവിനെയും യൗസേപ്പിതാവിനെയും കണ്ടു. ഉണ്ണീശോപ്പുല്ലുമായി ഞാൻ വീണ്ടും നടന്നു. ഇനിയും സ്വയം പുൽക്കൂട് ഉണ്ടാക്കാത്തവരെത്തേടി... ആ പുല്ലിന് എന്റെ ചേച്ചിയുടെ ഗന്ധമുണ്ടായിരുന്നു.

കവിത

# തളിരില



ദിവ്യ ബെന്നി
St. Thomas B. Ed
College Mylacombu

പുതുമഴയുടെ ഗന്ധമാം പാട്ടിൽ
മണ്ണിന്റെ ഈർപ്പമാം പുലരിയിൽ
നാമ്പിട്ടു നില്ക്കുന്ന വിത്തുകൾ
പുതുനാമ്പിട്ടു നില്ക്കുന്ന വിത്തുകൾ
തളിരില തൂകി നീ നിന്നൂ,
പുതുതളിരില തൂകി നീ നിന്നു.
നിൻ ബാല്യത്തിൻ വേരുകൾ,
എന്തിനോ വേണ്ടിയലഞ്ഞൂ.
    ബാല്യത്തിൻ ചാപല്യം നിന്നിൽ,
    പുതുതളിരിലകളായ് വിടർന്നൂ.
    കാലത്തിൻ പോക്കിന്റെ കൗതുകം,
    സൂര്യൻ ക്രോധത്തിലാഴ്ത്തി
    ഭൂമിയെ ക്രോധത്തിലാഴ്ത്തീ...
    മഴയുടെ ഗന്ധമാം പാട്ടിൻ ഈണം മറന്നുപോയ്
    മണ്ണിന്റെ ഈർപ്പമാം പുലരി മറഞ്ഞുപോയ്
ബാല്യത്തിൻ തളിരില കൊഴിഞ്ഞുപോയ്
ഭൂമിതൻ ഈർപ്പം വരണ്ടുപോയ്
കുളിർക്കാറ്റുമകന്നുപോയ്...
ജീവനാം സ്വരപ്രാണവായു നിലച്ചുപോയ്...
മാനവർ തീർത്ത മണിമാളികകൾ ശൂന്യമായ്
അറിഞ്ഞിതില്ല നിൻ തളിരില ഭൂമിതൻ
ഹൃദയത്തുടിപ്പുകളെന്ന്...